

ISSN 2319-3263

കേരള സാഹിത്യ അക്കാദമി

# സാഹിത്യ ലോകം

വാല്യം 50 | ലക്കം 5 ● 2021 സെപ്റ്റംബർ-ഒക്ടോബർ

## അനുകല്പനം: കലയും സങ്കേതവും

## പാണ്ഡവപുരവും മതിലുകളും വെള്ളിത്തിരയിൽ വായിക്കുമ്പോൾ

# സാഹിത്യലോകം

ദ്വൈമാസിക

പുസ്തകം 50 ലക്കം 5

2021 സെപ്റ്റംബർ-ഒക്ടോബർ

വില : 40 രൂപ

വാർഷിക വരിസംഖ്യ : 240 രൂപ



പത്രാധിപസമിതി

*പ്രസിഡന്റ്* I വൈശാഖൻ

*സെക്രട്ടറി & എഡിറ്റർ* I ഡോ. കെ.പി. മോഹനൻ

*കൺവീനർ* I ബി.എം. സുഹ്റ

*സബ് എഡിറ്റർ* I എൻ.ജി. നയനതാര

*അംഗങ്ങൾ*

ഡോ. സുനിൽ പി. ഇളയിടം

ബെന്യാമിൻ

ഡോ. മ്യൂസ് മേരി ജോർജ്ജ്

പി.വി.കെ. പനയാൽ

*കവർ ഡിസൈൻ & ലേ-ഔട്ട്* I രാജേഷ് ചാലോട്

*കവർ ഫോട്ടോ* I പി.വി. ശ്യാമപ്രസാദിന്റെ സിമന്റ് റിലീഫ്

*പ്രൂഫ്* I ടി.എസ്. സന്തോഷ്



*അച്ചടിനിർവ്വഹണം*

കാർമ്മൽ ഓഫ്സെറ്റ്, തൃശ്ശൂർ.

*വിലാസം*

കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ-680 020

E-mail: office@keralasahityaakademi.org

editorial@keralasahityaakademi.org

Website: keralasahityaakademi.org

Printed and published by Dr K.P. Mohanan on behalf of Kerala Sahitya Akademi, Thrissur and printed of Carmel Offset, Thrissur and Published at Kerala Sahitya Akademi, P.B. No. 501, Thrissur District, Kerala state. Editor : Dr K.P. Mohanan.

# ഉള്ളടക്കം


07 പാണ്ഡവപുരത്തിൽനിന്ന്
ആകൃതിയില്ലാ നിഴലുകളിലേക്ക്
**പി.കെ. സുരേന്ദ്രൻ**

21 അനന്യരൂപീകരണത്തിന്റെ മതിലുകൾ:
ചരിത്രവും വർത്തമാനവും
**ഡോ. അശോക് ഡിക്രൂസ്**

36 ചെറുതല്ലാത്ത മനുഷ്യരുടെ പാർപ്പിടങ്ങൾ
**ഡോ. എം.എ. സിദ്ദീഖ്**

49 മലയാള ഭാവുകത്വത്തിലെ
സോവിയറ്റ് സ്വാധീനത്തിന്റെ തുടക്കം
**പി.പി. അമൽ**

65 ദേശവും ദേശീയതയും
പി. കുഞ്ഞിരാമൻ നായരുടെ കവിതയിൽ
**പത്മനാഭൻ എം.വി.**

78 വർഗ്ഗസഞ്ചാരപാതകൾ:
സംസ്കാരവിമർശത്തിന്റെ പിയറി ബോർദ്യൂ മാതൃക
**ഡോ. രാധാകൃഷ്ണൻ ഇളയിടത്ത്**

89 ദുരന്തനാടകവിമർശകനായ
എം.കെ. സാനു
**ഡോ. സോണിയാ ജോസ്**

98 സാഹിത്യനിരൂപണത്തിലെ വാസന്തചാരുത
**ഡോ. എം. കൃഷ്ണൻ നമ്പൂതിരി**

ഡോ. അശോക് ഡിക്രൂസ്

# അനുരൂപീകരണത്തിന്റെ മതിലുകൾ: ചരിത്രവും വർത്തമാനവും

സാഹിത്യകൃതിയെ പൂർണ്ണമായോ ഭാഗികമായോ ചലച്ചിത്രരൂപത്തിലേക്ക് മാറ്റുന്നതിനെയാണ് അനുരൂപീകരണം എന്നു പറയുന്നത്. അനുരൂപീകരണത്തിന് ചലച്ചിത്രപ്രവർത്തകർ ഏറ്റവും കൂടുതൽ പ്രയോജനപ്പെടുത്തിയിട്ടുള്ള സാഹിത്യരൂപം നോവലാണ്. അത്തരമൊരു ശ്രമം ചരിത്രത്തിൽ ആദ്യമായി നടക്കുന്നത് 1924-ലാണ്. ഫ്രാങ്ക് നോറിസ് എന്ന അമേരിക്കൻ എഴുത്തുകാരൻ 1899-ൽ എഴുതിയ *മക് ട്യൂഗ്: എ സ്റ്റോറി ഓഫ് സാൻ ഫ്രാൻസിസ്കോ (McTeague: A Story of San Francisco)* എന്ന നോവലിന് എറിക് വോൺ സ്ട്രോഹൈം എന്ന ആസ്ട്രിയൻ-അമേരിക്കൻ സംവിധായകൻ *ഗ്രീഡ്* എന്ന പേരിൽ ചലച്ചിത്രഭാഷ്യം നല്കി. നോവൽ അതേപടി ആവിഷ്കരിക്കാനായിരുന്നു സ്ട്രോഹൈം ശ്രമിച്ചത്. അക്കാരണത്താൽ, അത് ഒമ്പതര മണിക്കൂർ ദൈർഘ്യമുള്ള ചലച്ചിത്രമായി മാറി. ചിത്രീകരണ സ്റ്റുഡിയോയുടെ സമ്മർദ്ദംമൂലം അത് നാലു മണിക്കൂറിലേക്ക് വെട്ടിയൊതുക്കി. പിന്നീട് സ്ട്രോഹൈമിന്റെ നേരിട്ടുള്ള കൈകടത്തലിന് ഇടംകൊടുക്കാതെ അവർ ആ ചലച്ചിത്രത്തെ രണ്ടു മണിക്കൂറാക്കി ചുരുക്കി. ഫലത്തിൽ, പരസ്പരബന്ധമില്ലാത്ത ദൃശ്യഭാഗങ്ങളുടെ ഒരു കുമ്പാരമായി മാറി ചിത്രം. അതോടുകൂടി, നോവലുകൾക്ക് പൂർണ്ണമായും ചലച്ചിത്രരൂപം നൽകുന്ന ഉദ്യമങ്ങളിൽനിന്ന് സംവിധായകരും പിന്മാറി.



പ്രധാന കഥാപാത്രത്തെ / കഥാപാത്രങ്ങളെ മുൻനിറുത്തി നോവലുകൾക്ക് ദൃശ്യഭാഷ നൽകുന്ന കാര്യത്തിലായിരുന്നു തിരക്കഥാകൃത്തുക്കളും സംവിധായകരും പിന്നീട് ശ്രദ്ധിച്ചത്. അതോടൊപ്പം, ഇതരസാഹിത്യകൃതികളിലെ ഉദ്ധരണികളെയും കഥാമുഹൂർത്തങ്ങളെയും കഥാപാത്രങ്ങളെയും വിദഗ്ധമായി സന്നിവേശിപ്പിക്കാനും ചലച്ചിത്രപ്രവർത്തകർ ശ്രമിച്ചുകൊണ്ടിരുന്നു. ഒരു നോവലിനെ അതേപടി പകർത്തുകയെന്നത് അസാദ്ധ്യമായതുകൊണ്ടുതന്നെ 'കൃത്യത', 'സൂക്ഷ്മത', 'യുക്തിഭദ്രത' എന്നിവ മുൻനിറുത്തിയുള്ള ചിത്രീകരണത്തെക്കുറിച്ച് ആരും ആശങ്കപ്പെട്ടില്ല. സാഹിത്യകൃതികൾക്ക് ചലച്ചിത്രരൂപം നൽകുമ്പോൾ സംവിധായകന് യഥേഷ്ടം കൃതിയെ വ്യാഖ്യാനിക്കാനും അവതരിപ്പിക്കാനും കഴിയുന്ന 'അനുരൂപീകരണം' മതിയെന്ന പൊതുധാരണ ചലച്ചിത്രപ്രവർത്തകർക്കിടയിലും ചലച്ചിത്രനിരൂപകർക്കിടയിലും രൂപപ്പെട്ടത് അങ്ങനെയാണ്.

നോവൽ / നോവൽഭാഗം ചലച്ചിത്രമാകുന്ന അനുരൂപീകരണം സിനിമയിൽ സർവ്വസാധാരണമായിക്കഴിഞ്ഞു. എന്നാൽ, തിരക്കഥ / സിനിമ സാഹിത്യമായി അനുകല്പന ചെയ്യപ്പെടുന്ന അപൂർവ്വരചനകളും ചരിത്രത്തിൽ ഇടം നേടിയിട്ടുണ്ട്. 1949-ൽ കരോൾ റീഡ് സംവിധാനം ചെയ്ത *ദ തേഡ് മാൻ* എന്ന ചലച്ചിത്രത്തിനു തിരക്കഥയെഴുതിയത്, 1966-ലും 1967-ലും സാഹിത്യത്തിനുള്ള നൊബേൽപുരസ്കാര ചുരുക്കപ്പട്ടികയിൽ ഇടംപിടിച്ച പ്രശസ്ത ഇംഗ്ലീഷ് നോവലിസ്റ്റ് ഗ്രഹാം ഗ്രീൻ ആയിരുന്നു. സിനിമ പുറത്തിറങ്ങിയതിനുശേഷം കഥാതന്തുവിൽ ചില കൂട്ടിച്ചേർക്കലുകളോടെ *ദ തേഡ് മാൻ* ഗ്രഹാം ഗ്രീൻ നോവൽരൂപത്തിൽ പ്രസിദ്ധീകരിച്ചു. 1968-ൽ സ്റ്റാൻലി കബ്രിക് സംവിധാനം ചെയ്ത *2001: എ സ്പേസ് ഒഡീസി* എന്ന

ചലച്ചിത്രത്തിന് തിരക്കഥ എഴുതിയതിനുശേഷം ആർതർ സി. ക്ലർക്ക് എന്ന ഇംഗ്ലീഷ് സയൻസ് ഫിക്ഷൻ നോവലിസ്റ്റ് *2001: എ സ്പേസ് ഒഡീസി* എന്ന പേരിൽ അതേവർഷംതന്നെ ഒരു നോവലും എഴുതി പ്രസിദ്ധപ്പെടുത്തി. സിനിമ റിലീസായതിനു ശേഷമായിരുന്നു നോവൽ പ്രസിദ്ധീകരിച്ചത്.

ഇന്ത്യയിൽ ആദ്യമായി ഒരു ചലച്ചിത്രം റിലീസിനുശേഷം നോവലായി മാറുന്നത് 2014-ലാണ്. ജയിംസ് ഹാഡ്‌ലി ചേസിന്റെ *ദ വൾചർ ഈസ് എ പേഷ്യന്റ് ബേർഡ്* എന്ന നോവലിൽനിന്നു സ്വീകരിച്ച ഇതിവൃത്തം മുൻനിറുത്തി 1978-ൽ കൃഷ്ണ ഷാ തിരക്കഥയെഴുതി സംവിധാനം ചെയ്ത *ഷാലിമാർ* എന്ന ചലച്ചിത്രത്തെ നോവൽരൂപത്തിലേക്കു മാറ്റിയത് മനോഹർ മൽഗോങ്കർ ആയിരുന്നു. ഇംഗ്ലീഷ് ഉൾപ്പെടെ 14 ഭാഷകളിൽ പ്രസിദ്ധപ്പെടുത്തിയ നോവലിന്റെ പത്തുലക്ഷം കോപ്പികൾ വിറ്റുപോയെന്നാണ് കണക്ക്. ധർമ്മേന്ദ്ര, സീനത്ത് അമൻ, ഷമ്മി കപൂർ എന്നിവർക്കൊപ്പം ഇംഗ്ലീഷ് നടനായ റെക്സ് ഹാരിസൺ, അമേരിക്കൻ അഭിനേതാക്കളായ ജോൺ സാക്സൺ, സിൽവിയ മൈൽസ് എന്നിവരും കൂടിച്ചേർന്നതോടെ ബോളിവുഡിലെ ആദ്യത്തെ അന്തർദ്ദേശീയ ചലച്ചിത്ര സംരംഭം എന്ന ഖ്യാതി *ഷാലിമാറി*നു ലഭിച്ചു. അതേസമയം, *റെയ്ഡേഴ്സ് ഓഫ് ദ സേക്രഡ് സ്റ്റോൺ* എന്ന പേരിൽ *ഷാലിമാറി*ന്റെ ഇംഗ്ലീഷ് പതിപ്പ് ഇംഗ്ലണ്ടിലും അമേരിക്കയിലും പുറത്തിറങ്ങിയെങ്കിലും ബോക്സോഫീസിൽ കാര്യമായ ചലനമുണ്ടാക്കിയില്ല.

**മലയാളസിനിമയിലെ സാഹിത്യവിനിമയങ്ങൾ**

സാഹിത്യസൃഷ്ടികൾ വെള്ളിത്തിരയിലേക്ക് പരാവർത്തനം ചെയ്യുന്നതിൽ മലയാളത്തിലെ സംവിധായകരും അഭിനേതാക്കളും എന്നും മികവു പുലർത്തിയിരുന്നു. അതുകൊണ്ടുതന്നെ, നിരവധി സാഹിത്യകൃതികൾ മലയാളത്തിൽ ചലച്ചിത്രരൂപം പ്രാപിച്ചിട്ടുമുണ്ട്. മികച്ച ചലച്ചിത്രത്തിനുള്ള രാഷ്ട്രപതിയുടെ സ്വർണ്ണമെഡൽ നേടിയ ആദ്യ തെന്നിന്ത്യൻ സിനിമയായ *ചെമ്മീൻ* ഉൾപ്പെടെ സാഹിത്യരചനകളെ അധികരിച്ച് നിർമ്മിക്കപ്പെട്ടതും കലാമൂല്യമുള്ളതുമായ മലയാളചലച്ചിത്രങ്ങളുടെ നീണ്ട നിരതന്നെയുണ്ട്. തകഴി ശിവശങ്കരപ്പിള്ളയുടെ *ചെമ്മീൻ* എന്ന നോവലിനെ ആസ്പദമാക്കി 1965-ൽ എസ്.എൽ. പുരം സദാനന്ദൻ തിരക്കഥയെഴുതി രാമു കാര്യാട്ട് സംവിധാനം ചെയ്ത *ചെമ്മീൻ* ജനപ്രീതിയുടെ കാര്യത്തിലും മുൻപന്തിയിലായിരുന്നു. അതേവർഷംതന്നെ കേശവദേവിന്റെ *ഓടയിൽ നിന്ന്* എന്ന നോവലും ചലച്ചിത്രമായി. കെ.എസ്. സേതുമാധവനായിരുന്നു സംവിധായകൻ. സ്വന്തം കൃതികൾ മുൻനിർത്തി എം.ടി. വാസുദേവൻ നായർ എഴുതിയ തിരക്കഥകളായിരുന്നു പി. ഭാസ്കരൻ സംവിധാനംചെയ്ത *ഇരുട്ടിന്റെ ആത്മാവ്* (1967), എ. വിൻസന്റ് സംവിധാനംചെയ്ത *അസുരവിത്ത്* (1968) എന്നിവയ്ക്ക് ഉപയോഗിച്ചത്. 1973-ൽ *പള്ളിവാളും കാൽച്ചിലമ്പും* എന്ന സ്വന്തം കഥയെ ആസ്പദമാക്കി എം. ടി. വാസുദേവൻ നായർ തിരക്കഥയെഴുതി സംവിധാനം ചെയ്ത *നിർമ്മാല്യ*ത്തിന് മികച്ച ചലച്ചിത്രത്തിനുള്ള ദേശീയ-സംസ്ഥാന അവാർഡുകൾ ലഭിച്ചു.



വര: ഗോപിദാസ്

നിർമ്മാല്യത്തിലെ അഭിനയത്തിന് മുഖ്യകഥാപാത്രത്തെ അവതരിപ്പിച്ച പി. ജെ. ആന്റണിക്ക് മികച്ച അഭിനേതാവിനുള്ള ദേശീയ പുരസ്കാരവും ലഭിച്ചു.

1985-ൽ അരവിന്ദൻ സംവിധാനംചെയ്ത *ചിദംബരവും* ടി.വി. ചന്ദ്രൻ 1994-ൽ സംവിധാനം ചെയ്ത *പൊന്തൻമാടയും* സി.വി. ശ്രീരാമന്റെ *പൊന്തൻമാട, ശീമത്തമ്പുരാൻ* എന്നീ കഥകളെ ആസ്പദമാക്കി നിർമ്മിക്കപ്പെട്ടതാണ്. 1992-ൽ എം. മുകുന്ദന്റെ *ദൈവത്തിന്റെ വികൃതികൾ* എന്ന പേരിലുള്ള നോവലിനെ ആസ്പദമാക്കി ലെനിൻ രാജേന്ദ്രൻ സംവിധാനംചെയ്ത സിനിമയ്ക്ക് എം. മുകുന്ദനും ലെനിൻ രാജേന്ദ്രനും ചേർന്നാണ് തിരക്കഥ എഴുതിയത്. 1993-ൽ സക്കറിയയുടെ *ഭാസ്കരപട്ടേലരും എന്റെ ജീവിതവും* എന്ന നോവലെറ്റിനെ അധികരിച്ച് അടൂർ ഗോപാലകൃഷ്ണൻ തിരക്കഥയെഴുതി സംവിധാനംചെയ്ത ചലച്ചിത്രമാണ് *വിധേയൻ*. ടി.പി. രാജീവൻ രചിച്ച ജനപ്രിയ നോവലിൽനിന്ന് 2009-ൽ തിരക്കഥ തയ്യാറാക്കി രഞ്ജിത്ത് സംവിധാനംചെയ്ത സിനിമയാണ് *പാലേരി മാണിക്യം: ഒരു പാതിരാ കൊലപാതകത്തിന്റെ കഥ*. ഇവിടെ സൂചിപ്പിച്ച ചലച്ചിത്രരൂപങ്ങൾക്ക് മുമ്പും ശേഷവും നിരവധി സാഹിത്യകൃതികൾ സിനിമയായിട്ടുണ്ടെങ്കിലും വിസ്തരഭയത്താൽ ശ്രദ്ധേയമായ അനുരൂപീകരണ സംരംഭങ്ങൾ മാത്രമാണ് ചൂണ്ടിക്കാണിച്ചത്. എം.ടി. വാസുദേവൻ നായരുടെ സാഹിത്യകൃതികളിൽനിന്ന് രൂപമെടുത്ത ചലച്ചിത്രങ്ങൾ അതുല്യമായ സിനിമാനുഭവങ്ങളാണ് മലയാളികൾക്കു നൽകിയതെങ്കിലും ബഷീർസാഹിത്യം ചലച്ചിത്രപ്രേമികൾക്കു കൈമാറിയത് തികച്ചും വ്യത്യസ്തമായ അനുഭവമായിരുന്നു.

## ബഷീർസാഹിത്യവും മലയാളസിനിമയും

വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതികൾ നിരവധി തവണ ചലച്ചിത്രരൂപം കൈവരിച്ചിട്ടുണ്ട്. *നീലവെളിച്ചം* എന്ന കഥയെ ആസ്പദമാക്കി ബഷീർ തന്നെ തിരക്കഥയെഴുതിയ *ഭാർഗ്ഗവീനിലയം* 1964-ൽ പുറത്തിറങ്ങി. പ്രേംനസീർ, മധു, വിജയനിർമ്മല എന്നിവർ അഭിനയിച്ച ഭാർഗ്ഗവീനിലയം സംവിധാനം ചെയ്തത് എ. വിൻസെന്റാണ്. 1975-ൽ *മുച്ചീട്ടുകളിക്കാരന്റെ മകൾ* എന്ന കൃതിക്ക് അതേപേരിൽ തോപ്പിൽ ഭാസി ചലച്ചിത്രഭാഷ്യം നൽകിയിരുന്നു. റാണി ചന്ദ്ര, ബഹദൂർ, കെ.പി.എ.സി. ലളിത, അടൂർ ഭാസി എന്നിവരായിരുന്നു പ്രധാന വേഷത്തിൽ അഭിനയിച്ചത്. *ബാല്യകാലസഖി* എന്ന വിഖ്യാത നോവൽ രണ്ടു തവണ സിനിമയാക്കപ്പെട്ടു: 1967-ൽ ശശികുമാറും 2014-ൽ പ്രമോദ് പയ്യന്നൂരുമായിരുന്നു സംവിധാനം. ശശികുമാർ സംവിധാനംചെയ്ത സിനിമയ്ക്ക് തിരക്കഥ എഴുതിയത് ബഷീറായിരുന്നു.

1942-ൽ പ്രസിദ്ധീകൃതമായ *പ്രേമലേഖനം* എന്ന ലഘുനോവലാണ് പുസ്തകരൂപത്തിൽ പ്രസാധനം ചെയ്യപ്പെട്ട ബഷീറിന്റെ ആദ്യരചന. രാജ്യദ്രോഹപരമായി ഒന്നുമില്ലെങ്കിലും 1944-ൽ ഈ കൃതി നിരോധിക്കുകയും കോപ്പികൾ കണ്ടുകെട്ടുകയും ചെയ്തു. 1985-ൽ പി.എ. ബക്കർ ഈ കൃതിയെ മുൻനിറുത്തി അതേപേരിൽ ചലച്ചിത്രം സംവിധാനം ചെയ്തു. ചലച്ചിത്രം മുന്നോട്ടുവച്ച അഗമ്യഗമനമെന്ന പ്രമേയത്തെ സ്വീകരിക്കാൻ പ്രേക്ഷകർ മടിച്ചതുകൊണ്ടാവാം 1995-ൽ തേജസ് പെരുമണ്ണ സംവിധാനം ചെയ്ത *ശശിനാസ്* വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെപോയി.

*പൂവൻപഴ*ത്തെ മുൻനിറുത്തി പി. ബാലചന്ദ്രൻ സംവിധാനം ചെയ്ത ടെലിസിനിമ ദൂരദർശൻ സംപ്രേഷണം ചെയ്തിരുന്നു. ബഷീറിന്റെ *നീലവെളിച്ചം* അതേപേരിൽ 2021-ൽ ചലച്ചിത്രമാകുമെന്ന പ്രഖ്യാപനം ആഷിക് അബു നടത്തിയിരിക്കുന്നു എന്നതാണ് ബഷീർ കൃതികളുടെ അനുരൂപീകരണം സംബന്ധിച്ച ഏറ്റവും ഒടുവിലുള്ള വാർത്ത. എങ്കിലും, ബഷീറിന്റെ *മതിലുകൾ* എന്ന നോവലിനെ ആസ്പദമാക്കി അടൂർ ഗോപാലകൃഷ്ണൻ 1989-ൽ തിരക്കഥയെഴുതി സംവിധാനം ചെയ്ത അതേ പേരിലുള്ള ചലച്ചിത്രമാണ് ഏറ്റവും കൂടുതൽ അംഗീകാരങ്ങളും ലോകശ്രദ്ധയും പിടിച്ചുപറ്റിയത്.

## മതിലുകളും മലയാളിയും

'കൗമുദി' ആഴ്ചപ്പതിപ്പിന്റെ 1964-ലെ ഓണം വിശേഷാൽപ്രതിയിലാണ് *മതിലുകൾ* ആദ്യമായി പ്രസിദ്ധീകൃതമാകുന്നത്. *കൗമുദി*യുടെ അന്നത്തെ പത്രാധിപരായിരുന്ന കെ. ബാലകൃഷ്ണൻ തിരുവനന്തപുരത്ത് ഒരു ലോഡ്ജിൽ മുറിയെടുത്തുകൊടുത്ത് ബഷീറിനെക്കൊണ്ട് നിർബ്ബന്ധിച്ച് എഴുതിപ്പിച്ച നോവലാണ് *മതിലുകൾ.* നാലുദിവസംകൊണ്ട് എഴുതിത്തീർത്ത നോവലിന് 'പെണ്ണിന്റെ മണം', 'സ്ത്രീയുടെ ഗന്ധം' എന്നീ

ശീർഷകങ്ങളായിരുന്നു ബഷീർ ആദ്യം നിർദ്ദേശിച്ചിരുന്നത്. പിന്നീടാണ് അത് 'മതിലുകൾ' എന്നു മാറ്റിയത്. അക്കാര്യത്തിൽ വ്യക്തത വരുത്തിക്കൊണ്ടാണ് 'മതിലുകൾ' ആരംഭിക്കുന്നതുതന്നെ:

"മതിലുകൾ എന്ന പേരിൽ ഒരു ചെറിയ പ്രേമകഥ നിങ്ങളാരെങ്കിലും കേട്ടിട്ടുണ്ടോ? മുമ്പ് പറഞ്ഞതായി ഓർമ്മ തോന്നുന്നില്ല. 'സ്ത്രീയുടെ ഗന്ധം' അല്ലെങ്കിൽ 'പെണ്ണിന്റെ മണം' എന്നതിന് ഏതെങ്കിലും ഒരു പേരിടാമെന്നു വിചാരിച്ചു. പിന്നെ ഇങ്ങനെ, ഇപ്പോളങ്ങു പറയുകയാണ്. ശ്രദ്ധിച്ചു കേട്ടുകൊള്ളണം."

ബ്രിട്ടീഷുകാർക്കെതിരായി എഴുതി എന്ന കുറ്റത്തിന് ജയിലിലടയ്ക്കപ്പെട്ട എഴുത്തുകാരനാണ് നോവലിലെ പ്രധാന കഥാപാത്രം. ആത്മകഥാപരമായ പ്രസ്തുത കൃതിക്ക് 64 പുറങ്ങൾ മാത്രമാണുള്ളതെങ്കിലും മലയാളത്തിലെ വിഖ്യാതമായ ഒരു പ്രണയകഥയായി അതു മാറി. മതിലിനപ്പുറത്തുള്ള വനിതാ ജയിലിലെ നാരായണി എന്ന സ്ത്രീയുമായി പ്രണയത്തിലാവുന്ന നായകൻ നാരായണിയെ ഒരിക്കലും കണ്ടുമുട്ടുന്നില്ലെങ്കിലും അവരുമായി അഗാധപ്രണയത്തിലാവുന്നു. തമ്മിൽ കാണാതെതന്നെ ഇരുവരും സമ്മാനങ്ങൾ കൈമാറുകയും പരസ്പരം കണ്ടുമുട്ടാനുള്ള വഴിയെക്കുറിച്ച് ആലോചിക്കുകയും ചെയ്യുന്നു. നാരായണിയുമായുള്ള സമാഗമമുഹൂർത്തത്തിനായി കാത്തിരിക്കുന്നെങ്കിലും അതിനുമുമ്പ് കഥാനായകൻ ജയിൽമോചിതനാകുന്നു. അതുവരെ ആഗ്രഹിച്ചിരുന്ന സ്വാതന്ത്ര്യത്തെ പഴിച്ചുകൊണ്ട് കൈയിൽ ഒരു ചുവന്ന റോസാപ്പൂവുമായി ജയിലിനടുത്ത് നിരാശനായി നിൽക്കുന്ന നായകനെ അവതരിപ്പിച്ചുകൊണ്ട് നോവൽ അവസാനിക്കുന്നു.

**ബഷീറിന്റെ *മതിലുകൾ* മുൻനിർത്തി അടൂർ പണിത *മതിലുകൾ***

കലാസൃഷ്ടിയെന്ന നിലയിൽ ചലച്ചിത്രത്തെ/ദൃശ്യഭാഷയെയാണ് പഠിക്കേണ്ടതെങ്കിലും പഠനസൗകര്യത്തിനുവേണ്ടി ബഷീറിന്റെ നോവലിനെയും അടൂരിന്റെ തിരക്കഥയെയുമാണ് ഇവിടെ താരതമ്യം ചെയ്യുന്നത്. ആദ്യം, നോവൽഭാഗങ്ങൾ പരിശോധിക്കാം:

അങ്ങനെ ഒരു ദിവസം പെൺജയിലിന്റെ മതിലിന്നരികിലൂടെ ചൂളംകുത്തിക്കൊണ്ട് തനിച്ചങ്ങനെ നടക്കുമ്പോൾ - ഒരു സ്വർഗ്ഗീയനാദം...! ലോകത്തിലേക്കുംവച്ച് ഏറ്റവും മനോഹരമായ ശബ്ദം... മതിലിന്റെ അപ്പുറത്തുനിന്ന്... പെൺജയിലിന്റെ വക ഒരു ചോദ്യം.

"ആരാ അവിടെ ചൂളമടിക്കുന്നത്?"

പെട്ടെന്ന് സുഗന്ധവും പ്രകാശവും പറയുന്നതുപോലെ. അത്ഭുതം. ആൺജയിലീന്നല്ല... എനിക്കു രോമാഞ്ചമുണ്ടായി. ഞാൻ തിക്കും പൊക്കും നോക്കി. എന്നിട്ടു ധൈര്യത്തോടെ പറഞ്ഞു:

"ഞാനാണ്!" ഞാൻ ആകെ ഇളകി. ദാ പെണ്ണ്!

കുറെ ഉച്ചത്തിൽത്തന്നെ വേണം വർത്തമാനം പറയാൻ. അവൾ മതിലിന്റെ അപ്പുറത്ത്. ഞാൻ ഇപ്പുറത്ത്.

അവൾ ചോദിച്ചു:

"പേരെന്താ?"

ഞാൻ പേരു പറഞ്ഞുകൊടുത്തു. ശിക്ഷയുടെ കാലാവധി, എന്റെ തൊഴിൽ, ഞാൻ എഴുതിയതായ രാജ്യദ്രോഹക്കുറ്റം, എല്ലാം. അവളും ജീവിതത്തിൽ ചെയ്ത തെറ്റുകളെപ്പറ്റി പറഞ്ഞു.

അവളുടെ സുന്ദരമായ പേര്: നാരായണി.

അവളുടെ സുന്ദരമായ വയസ്സ്: 22.

അടൂരിന്റെ തിരക്കഥയിൽ ഈ ഭാഗം ഇങ്ങനെയാണ്:

സമീപദൃശ്യം.

ഇപ്പോൾ നടത്തം ഇടമതിലിന്ന് അരികിലൂടെയാണ്. എന്തോ ആലോചനയിൽ മുഴുകി അങ്ങനെ അന്യമനസ്കനായി നടന്നുനീങ്ങവേ എങ്ങുനിന്നെന്നില്ലാതെ ഒരു സ്ത്രീശബ്ദം.

"ആരാണവിടെ ചൂളമടിക്കുന്നത്?"

ബഷീർ പെട്ടെന്നു നിന്ന് അതിശയത്തോടെ ചുറ്റും നോക്കി. പിന്നെ ഒരു തിരിച്ചറിവോടെ മതിലിന്റെ മുകളിലേക്കു തിരിഞ്ഞ് പറഞ്ഞു: "ഞാനാ!"

ഉടനെ മറുചോദ്യമുണ്ടായി, "പേരെന്താ?"

അതിസമീപദൃശ്യം.

ബഷീർ പെട്ടെന്ന് ഉല്ലാസവാനായി, "ബഷീർ. എളിയ തോതിലൊരെഴുത്തുകാരനാണ്. രണ്ടര കൊല്ലത്തെ തടവ്. ഇപ്പോ ഞാനിവിടെ തനിച്ചാണ്. കൂട്ടുകാരെല്ലാം പോയി," ഒരു വീർപ്പിനു പറഞ്ഞു.

ഏകാന്തതയുടെ നൈരാശ്യവും പുതിയ പരിചയപ്പെടലിന്റെ ഉത്സാഹവും ആ ശബ്ദത്തിൽ നിറഞ്ഞിരുന്നു. ബഷീർ തുടർന്നു ചോദിച്ചു: "പേര് പറഞ്ഞില്ലല്ലോ?"

സ്ത്രീശബ്ദം, "നാരായണി."

ബഷീർ, "സുന്ദരമായ പേര്! വയസ്സ്?"

"ഇരുപത്തിരണ്ട്."

"സുന്ദരമായ വയസ്സ്! കഠിനതടവാണല്ലേ?"

"അതേ. പതിനാല് കൊല്ലം!"

"അപ്പോ കൊലക്കുറ്റമാണല്ലേ?"അതിന് മറുപടിയുണ്ടായില്ല.

ഓരോ ഫ്രെയിമിലും ബഷീറിന്റെ മതിലുകളുടെ ഓരം ചേർന്നു സഞ്ചരിക്കാനാണ് അടൂർ ശ്രമിച്ചിരുന്നതെന്നു വ്യക്തമാണ്.



അൻവർ അബ്ദുള്ള

അതേസമയം, ഒരു കലാസൃഷ്ടി എന്ന നിലയിൽ അടൂരിന്റെ മതിലുകൾ അതിന്റെ സ്വത്വം നിലനിർത്തിയിട്ടുണ്ട് എന്നതും ശ്രദ്ധേയമാണ്.

**മതിലുകൾക്കുള്ളിൽ അകപ്പെട്ടുപോയ മനുഷ്യർ**

"നീ നഗ്നനാണെന്ന് നിന്നോട് ആരു പറഞ്ഞു? തിന്നരുതെന്നു ഞാൻ കല്പിച്ച വൃക്ഷഫലം നീ തിന്നുവോ എന്ന് അവൻ ചോദിച്ചു. അതിന് മനുഷ്യൻ:

എന്നോടുകൂടെ ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം തന്നു; ഞാൻ തിന്നുകയും ചെയ്തു എന്നു പറഞ്ഞു.''

(ഉൽപത്തി 3: 11-12)

മനുഷ്യന്റെ ആദ്യത്തെ ദുഃഖം എന്തായിരിക്കും?

അതൊരിക്കലും വിശപ്പോ ദാഹമോ ദാരിദ്ര്യമോ ആയിരിക്കില്ല...

അത്, തീർച്ചയായും ഏകാന്തതയായിരിക്കും.

ആദ്യത്തെ മനുഷ്യനെ സൃഷ്ടിച്ചതിനുശേഷമുള്ള ദൈവത്തിന്റെ ദീർഘനിശ്വാസത്തിൽനിന്നുതന്നെ അതു വ്യക്തമാണ്.

ലോകമെമ്പാടുമുള്ള മനുഷ്യരെ സംബന്ധിച്ചിടത്തോളം സ്വന്തം ഇടങ്ങളിൽ അടച്ചിരിക്കുന്നതിൽ ഇക്കാലത്ത് യാതൊരു പുതുമയുമില്ല. മതിലുകൾക്കുള്ളിൽ അകപ്പെട്ടുപോയ മനുഷ്യർക്കു ചുറ്റുമുള്ള മതിലുകൾ ശിലമായിരിക്കുന്നു. അതേസമയം, അടച്ചിരിപ്പിന്റെ കാലത്ത് അതിജീവന സാദ്ധ്യതകൾ തുറന്നിട്ടുകൊണ്ട് എല്ലായ്പോഴും പുറംലോകവുമായി മനുഷ്യരെ ബന്ധിപ്പിച്ചിരുന്ന രണ്ടു വാതിലുകളും ഉണ്ടായിരുന്നു: സാഹിത്യവും സിനിമയും. എങ്കിലും, സാഹിത്യവുമായി താരതമ്യം ചെയ്യുമ്പോൾ മുൾപ്പടർപ്പിൽ വീണ വിത്തുകളെപ്പോലെ ഞെങ്ങിഞെരുങ്ങിയാണ് സിനിമ പുറത്തേക്ക് എത്തിനോക്കുന്നത്. ചലച്ചിത്രപ്രവർത്തകരെ സംബന്ധിച്ചിടത്തോളം ഓ.ടി.ടി. പ്ലാറ്റ്ഫോമുകളും സിനിമയെ വീട്ടുകളിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്ന ആസ്വാദകരും നൽകുന്ന പിന്തുണ ചെറുതല്ല. ചെറുതും വലുതുമായ നിരവധി ചലച്ചിത്രങ്ങൾ ഓ.ടി.ടി. പ്ലാറ്റ്ഫോമുകളിൽ റിലീസ് ചെയ്യപ്പെട്ടതും അതുകൊണ്ടുതന്നെയാണ്. അക്കൂട്ടത്തിൽ ശ്രദ്ധേയമായ ഒരു ചലച്ചിത്രമാണ് അൻവർ അബ്ദുള്ള സംവിധാനം ചെയ്ത *മതിലുകൾ: ലൗ ഇൻ ദ ടൈം ഓഫ് കൊറോണ.* 'മതി ഇതിലേ' എന്ന മട്ടിൽ മതിലുകൾ കെട്ടിപ്പൊക്കി മനുഷ്യർ പരസ്പരം തടസ്സപ്പെടുത്താൻ ശ്രമിക്കുന്ന കാലത്തോളം, 'വാ ഇതിലേ' എന്നു പറയാൻ വാതിലുകൾ ഇല്ലാത്ത കാലത്തോളം 'മതില്'കളുടെ പ്രസക്തി കുറയുന്നില്ല. 2021-ൽ 'മതിലുകൾ'ക്ക് തുടർച്ചയുണ്ടാകുന്നതും അതുകൊണ്ടുതന്നെയാണ്. അൻവറിന്റെ സിനിമ പുതിയ കാലത്തിന്റെ കഥയാണ് പറയുന്നത്. പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തിലാണ് ലോകംതന്നെ നിലനിൽക്കുന്നത് എന്ന ബഷീറിയൻ ആശയവും ഈ ചലച്ചിത്രം മുന്നോട്ടുവെക്കുന്നുണ്ട്.

കൊവിഡുകാലത്ത് ലോകം മുഴുവൻ ഏകാന്തതയുടെ തുരുത്തുകളിൽ തനിച്ചിരിക്കുമ്പോൾ, തീർത്തും ഒറ്റപ്പെട്ടുപോയ ഒരു മനുഷ്യജീവിതത്തെ അവതരിപ്പിക്കുകയാണ് അൻവർ അബ്ദുള്ളയുടെ മതിലുകൾ.

പ്രവാസിയായ ഒരു മനുഷ്യൻ കൊവിഡുകാലത്ത് നാട്ടിലേക്ക് മടങ്ങിവരുന്നിടത്താണ് കഥ ആരംഭിക്കുന്നത്. 28 ദിവസം ഏകാന്തതയുടെ ക്വാറന്റയിൻ തുരുത്തിൽ അകപ്പെടാൻ വിധിക്കപ്പെട്ട മനുഷ്യരുടെ

പ്രതിനിധിയാണ് അയാൾ. സ്വന്തം വീട്ടിലേക്കാണ് അയാൾ വന്നു കയറുന്നത്. എങ്കിലും, ഭാര്യയോ മക്കളോ ഒപ്പമില്ലാത്ത, വിജനമായ മതിലുകൾക്കുള്ളിലാണ് അയാൾ അകപ്പെട്ടുപോകുന്നത്. അധികം വൈകാതെ ജീവിതം ഒരു മടുത്ത കളിയാണെന്ന് അയാൾ തിരിച്ചറിയുന്നു. വിരസത മാറ്റാനുള്ള ഏക ഉപകരണമായി ഒപ്പമുണ്ടായിരുന്ന മൊബൈൽ ഫോണുംകൂടി നഷ്ടപ്പെടുന്നതോടെ അയാൾ തീർത്തും ഒറ്റപ്പെടുന്നു.

നിസ്സഹായനായിത്തീർന്ന അയാൾ വീടിന്റെ ചുമരുകൾക്കു പുറത്തു കടക്കുന്നു. എന്നാൽ, വിശാലമായ പറമ്പിന്റെ ചുറ്റുമതിൽ വീണ്ടും അയാളെ തടവിലാക്കുന്നു. ചുറ്റുമുള്ള തടവറകൾ ഭേദിക്കാനാവില്ലെന്ന് ഉറപ്പായതോടെ അയാൾ ഗർഭാശയത്തിൽ കിടക്കുന്ന കുഞ്ഞിനെപ്പോലെ സ്വന്തം മുറിക്കുള്ളിൽ നിലത്ത് ചുരുണ്ടുകൂടിക്കിടക്കുന്നു.

കാറ്റും മഴയും ഇടിമുഴക്കവുമുള്ള ഒരു ഘോരരാത്രിക്കുശേഷം അയാൾ പുതിയൊരു മനുഷ്യനായി പിറവിയെടുക്കുകയാണ്.

“വെളിച്ചത്തിൽ മുങ്ങിയ ഇരുമ്പഴിക്കൂട്ടിൽ ഞാൻ ഇരിക്കുന്നു. സ്ഫടികക്കമ്പികൾപോലെ മഴവെള്ളം വീഴുന്നുണ്ട്; ചരൽ വാരി എറിയുന്നപോലെ. ഈശ്വരന്റെ അനുഗ്രഹം. പെയ്യട്ടേ മഴ! കൊടുങ്കാറ്റേ, വീശിയടിച്ചോളൂ. പക്ഷേ, മരങ്ങളെ ഒന്നും പിഴുതെറിയല്ലേ! മേഘങ്ങളേ, പതുക്കെ... പതുക്കെ ഗർജ്ജിക്കുക!... നിങ്ങളുടെ ഈ ഘോരാട്ടഹാസം കേട്ടാൽ- പാവം സ്ത്രീകൾ ഭയന്നുപോകും! പതുക്കെ... പതുക്കെ!”

എന്നിങ്ങനെ ബഷീർ *മതിലുകളിൽ* വിവരിച്ചതിനു സമാനമായ സാഹചര്യമായിരുന്നു അത്. ആ രാത്രിയിലെ മഴ പെയ്തുതോർന്നതോടെ അയാൾ പുതിയൊരു മനുഷ്യനായി ജ്ഞാനസ്നാനം ചെയ്യപ്പെടുകയാണ്. ഇത് തികച്ചും യാദൃച്ഛികമല്ല. ഏദൻതോട്ടത്തിൽ യഹോവയായ ദൈവം പുരുഷനെ സൃഷ്ടിച്ചതിനു സമാനമായ ഒരു പിറവിയായിരുന്നു അത്.

നേരം വെളുത്തതോടെ, കതകു തുറന്നു പുറത്തേക്കിറങ്ങിയ അയാൾ, കഴുകി ശുദ്ധമാക്കിയ പുതിയ ലോകത്തെ കാണുന്നു. വീടിനു ചുറ്റും നടന്നുകൊണ്ട് അയാൾ എന്തോ തിരയുന്നു. അതേസമയം, എതിർദിശയിൽ സഞ്ചരിക്കുന്ന ക്യാമറക്കണ്ണുകൾ അപരസാന്നിദ്ധ്യം അടിവരയിട്ടുറപ്പിക്കുന്നു. (ഒരുപക്ഷേ, സ്രഷ്ടാവിന്റെ നോട്ടമായിരിക്കാം - ഒളിച്ചുകളിയായിരിക്കാം - അത്)

തികച്ചും അപ്രതീക്ഷിതമായി അയാൾ തടവറസമാനമായ പറമ്പിന്റെ മതിലുകൾക്കപ്പുറത്ത് തനിക്കിണങ്ങിയ ഇണ (സ്ത്രീ) യുമായി കണ്ടുമുട്ടുന്നു. അത് നാരായണിയായിരുന്നു! ബഷീറിന്റെ *മതിലുകളി*ലെ നാരായണി തന്നെ!

അയാളുടെയും നാരായണിയുടെയും കാഴ്ചകൾക്കു തടസ്സമായി നിൽക്കുന്നത് കൂറ്റൻ മതിലുകൾ തന്നെയാണ്. എന്നാൽ, അരൂപിയായി നിൽക്കുന്ന സാക്ഷാൽ വൈക്കം മുഹമ്മദ് ബഷീർ തന്നെയാണ് അയാൾക്കുവേണ്ടി സംസാരിക്കുന്നത്.

നോവൽ / നോവൽഭാഗം ചലച്ചിത്രമാകുന്ന അനുരൂപീകരണം സിനിമയിൽ സർവ്വസാധാരണമായിക്കഴിഞ്ഞു. എന്നാൽ, തിരക്കഥ / സിനിമ സാഹിത്യമായി അനുകല്പന ചെയ്യപ്പെടുന്ന അപൂർവ്വരചനകളും ചരിത്രത്തിൽ ഇടം നേടിയിട്ടുണ്ട്.

നാരായണിയെ പരിചയപ്പെടുന്നതിനു തൊട്ടുമുമ്പുള്ള ദിവസത്തെ അയാൾ ഓർത്തെടുക്കുന്നത് ഇപ്രകാരമാണ്:

"അപ്പോ... നാരായണി ഈ ഘോരഘോര മിന്നലും ഘോരഘോര കാറ്റും ഘോരഘോരമഴയും ഒന്നും കണ്ടില്ല അല്ലേ? ഘോരഘോര ഇടിയൊന്നും കേട്ടില്ല അല്ലേ?"

"എവ്ടന്ന്. ഇദ്യേത്തിന് തോന്ന്യതാകും!"

-എന്ന നാരായണിയുടെ മറുപടി അയാളെ നിരാശനാക്കുന്നു. വാസ്തവത്തിൽ, അയാളുടെ പറുദീസയിൽ അയാൾ ജന്മമെടുത്തത് അപ്പോഴായിരുന്നു.

നാരായണിയുടെ സ്രഷ്ടാവായ ബഷീറിനെ നാരായണിക്കു പരിചയപ്പെടുത്തുന്ന ഒരു രംഗമുണ്ട് അൻവർ അബ്ദുള്ളയുടെ 'മതിലുകളി'ൽ.

അയാൾ: "എന്റെ ബഡുക്കൂസേ... അണ്ടി ചുട്ടതല്ലിയതാ ഇത്. അണ്ടി ചുട്ട തല്ലിയതിന് ബഷീറിന്റെ കഥാപാത്രങ്ങൾ പറയുന്ന ഓരോരോ പേരുകളാ ഞാൻ പറഞ്ഞത്. ഇപ്പൊ തിരിഞ്ഞോ?"

നാരായണി: "തിരിഞ്ഞു."

അയാൾ പൊതി ഉയർത്തി എറിയുന്നു.

അയാൾ: "കിട്ടിയോ?"

നാരായണി: "കിട്ടി. ഇതാര് ചുട്ടതല്ലി?"

അയാൾ: "ഞാൻ തന്നെ... അല്ലാതാര്?"

നാരായണി: "ആർക്കുവേണ്ടി?"

അയാൾ: "നാരായണിക്കുവേണ്ടി!"

നാരായണി: "ശ്ശൊ... എനിക്കു കരച്ചിൽവരുന്നു."

അയാൾ: "ഇപ്പോക്കരയണ്ടാ... ഓർത്തു രാത്രിയിൽ കരഞ്ഞോളൂ!"

നാരായണി: "ഉം."

അയാൾ: "ബഷീറിന്റെ മതിലുകളിൽ ഇമ്മാതിരിയൊരു ബന്ധമുണ്ട്."

നാരായണി: "ഏതു ബഷീർ?"

അയാൾ ആവേശഭരിതനാവുന്നു.

അയാൾ: "വൈക്കം മുഹമ്മദ് ബഷീർ"

നാരായണി: "വൈക്കം മുഹമ്മദ് ബഷീറോ, അതാരാ?"

> മതിലുകൾ തീർത്ത തടവറയ്ക്കുള്ളിൽ അകപ്പെട്ടുപോയ ഒരു മനുഷ്യൻ താൻ ജീവിച്ചിരിക്കുന്ന കാലവുമായി കലഹിക്കുകയും പ്രവാസജീവിതം അവശേഷിപ്പിച്ച മടുപ്പുകളെ തന്നാലാവുംവിധം കുടഞ്ഞെറിയാൻ ശ്രമിക്കുന്നതും നോവലിൽ ദൃശ്യമാണ്.

അയാളുടെ ആവേശം കെട്ടു. ചോദ്യത്തിന് ഉത്തരം പറയാതെ അയാൾ മൗനം പാലിക്കുന്നു.

നാരായണി: "എന്താ ഒന്നും മിണ്ടാത്തത്? ചോദിച്ചത് കേട്ടില്ലേ, ആരാ വൈക്കം മുഹമ്മദ് ബഷീറെന്ന്?"

അയാൾ: "ഓ, ആരുമല്ല... ഒരു മനുഷ്യൻ!"

'മതിലുകൾ' എന്ന കൃതിയെയും വൈക്കം മുഹമ്മദ് ബഷീറിനെയും 'ഒരു മനുഷ്യൻ' എന്ന അദ്ദേഹത്തിന്റെ കഥയെയും ഞൊടിയിടയിൽ ഓർത്തെടുക്കാനാവുന്ന ഒരു ഭാഗമാണത്. ബഷീറിനെ ഒരു മനുഷ്യൻ എന്നു പറഞ്ഞാണ് അയാൾ പരിചയപ്പെടുത്തുന്നത്. വാസ്തവത്തിൽ, നാരായണിയുടെ ദൈവമാണ് ബഷീർ.

ബഷീർ വീണ്ടും ഈ ചലച്ചിത്രത്തിൽ പരാമർശവിധേയമാകുന്നുണ്ട്. വളരെനേരത്തെ കാത്തിരിപ്പിനുശേഷം മതിലിനപ്പുറത്ത് നാരായണിയുടെ സാന്നിദ്ധ്യത്തിന്റെ അടയാളമായി കാണിക്കുന്ന, പത്തിവിരിച്ച പാമ്പിനോടു സാദൃശ്യമുള്ള കൊമ്പ് അയാൾ കാണുന്നു. ആവേശത്തോടെ മതിലിനടുത്തേക്ക് ഓടിച്ചെന്ന അയാൾ നാരായണിയെ വിളിക്കുന്നു.

നാരായണി: "പൂവമ്പഴം കിട്ടിയോ?"

അയാൾ: "പഴം കിട്ടീല്ല. വേറൊരു സാധനമുണ്ട്. ദാ, വരുന്നു. പിടിച്ചോണേ..."

അയാൾ മതിലിനപ്പുറത്തേക്ക് ഒരു മാമ്പഴം എറിഞ്ഞുകൊടുക്കുന്നു.

നാരായണി: "ശ്ശോ, നോക്കിക്കേ... എന്റെ മൊലേലാ വന്നു വീണത്."

അയാൾ ഉറക്കെ ചിരിക്കുന്നു.

അയാൾ: "എനിക്കേ... എനിക്കു നല്ല ഉന്നവാ..."

നാരായണി പരിഭവിക്കുന്നു.

നാരായണി: "കൊള്ളാം പെണ്ണുങ്ങടെ മൊലേക്കാണോ ഉന്നം പിടിക്കുന്നത്?"

അയാൾ കൂടുതൽ ഉച്ചത്തിൽ ചിരിക്കുന്നു.

നാരായണി: "ഇതെന്താ മാങ്ങാപ്പഴമോ?"

അയാൾ: "അതെ, മധുരമനോഹരമായ മാമ്പഴം."

നാരായണി: "ഹ്ം! ആർക്കുവേണം മാങ്ങാപ്പഴം? എനിക്കുവേണ്ടത് പൂവമ്പഴമാ... മധുരമനോഹരമല്ലെങ്കിലും കൊഴപ്പമില്ല..."

അയാൾ: "നാരായണി, എത്ര കഷ്ടപ്പെട്ടിട്ടാ ആ മാമ്പഴം കിട്ടിയതെന്നറിയാവോ? പറമ്പിലൊന്നും പൂവമ്പഴമില്ല. പിന്നെ, ഓടിനടന്നാ ആ മാമ്പഴം സംഘടിപ്പിച്ചത്... എന്തു കാരണമാ... എനിക്കു നാരായണിയോടുള്ള സ്നേഹം കാരണം! ഇപ്പറഞ്ഞ അറിവെല്ലാം വെച്ചോണ്ട് നാരായണി ആ മാമ്പഴത്തേലോട്ടൊന്നു നോക്കിക്കേ... നോക്കിയോ?"

നാരായണി: "ഉം... നോക്കി..."

അയാൾ: ഇനിപ്പറ, എന്താ ആ കൈയിലിരിക്കുന്നേ..."

നാരായണി: "പൂവമ്പഴം!"

രണ്ടാളും ചിരിക്കുന്നു.

അയാൾ: "അതാ പറഞ്ഞത്, സ്നേഹത്തിന്റെ ശക്തികൊണ്ടേ... മാമ്പഴം പൂവമ്പഴമാകും... ഓറഞ്ച് പണ്ടു പൂവമ്പഴമായിട്ടൊണ്ട്, ഒരു കഥേല്!"

നാരായണി: "ബഷീറിന്റെയായിരിക്കും!"

അയാൾ: "അപ്പോ... ബഷീറിനെ അറിയാവോ നാരായണിക്ക്?"

നാരായണി: "ഒരു മനുഷ്യനാണെന്നറിയാം"

ആ സംസാരം അങ്ങനെ മുറിഞ്ഞുപോകുന്നു. പിന്നീട്, നേരിൽ കാണണമെന്നുള്ള അദമ്യമായ ആഗ്രഹം അയാൾ നാരായണിയെ അറിയിക്കുന്നുണ്ടെങ്കിലും അത് നിരാകരിക്കപ്പെടുന്നു.

"വൈ ഷുഡ് ഐ ബി ഫ്രീ, ഹു വാണ്ട്സ് ഫ്രീഡം?" എന്ന ചോദ്യത്തോടെയാണ് ബഷീറിന്റെ (അടൂരിന്റെയും) മതിലുകൾ അവസാനിക്കുന്നത്. രാജ്യദ്രോഹക്കുറ്റത്തിന് ശിക്ഷിക്കപ്പെട്ട ഒരാളാണ് ചോദ്യകർത്താവ് എന്നതാണ് ഏറെ കൗതുകകരമായ കാര്യം. എന്നാൽ, ഈ കാലഘട്ടത്തിലെ മതിലുകൾ അവശേഷിപ്പിക്കുന്ന ചോദ്യം, "വൈ ഷുഡ് ഐ ബി ഹെൽത്തി?" എന്നതാണ്.

"ആരോഗ്യം... വൈ ഷുഡ് ഐ ബി ഹെൽത്തി? ഹു വാണ്ട്സ് ആരോഗ്യം? ആർക്കുവേണമീ ആരോഗ്യം... അല്ലേലും ഒരു കീടാണുകൊണ്ട് ചത്തു കെട്ടുപോകാനുള്ളതല്ലേയുള്ളൂ... ഇതെല്ലാം..."

എന്ന കാലികപ്രസക്തിയുള്ള ചോദ്യം ചോദിച്ചുകൊണ്ടാണ് അയാൾ നാരായണിയെ പിരിയുന്നത്. 'നാരായണി' ഉയർത്തിക്കാണിച്ചിരുന്നതും ആസക്തിയുടെ പ്രതീകമെന്നു കരുതാവുന്നതുമായ, പാമ്പിന്റെ പത്തിപോലുള്ള, കൊതുമ്പ് അയാളുടെ കാൽച്ചുവട്ടിൽ അശ്രദ്ധമായി ഉപേക്ഷിക്കപ്പെട്ടിരിക്കുന്നതിൽനിന്ന് 'നാരായണീനാടക'ത്തെക്കുറിച്ചുള്ള യഥാർത്ഥചിത്രം വെളിപ്പെട്ടുകിട്ടും.

ആസക്തിയുടെ അനന്തരഫലമായിരുന്നു മനുഷ്യന്റെ പറുദീസാനഷ്ടം. വിലക്കപ്പെട്ട കനി പുരുഷനു കൈമാറിയതോടെ സ്ത്രീ തുടങ്ങിവച്ച കാലാന്തരയാത്രയുടെ പരിസമാപ്തിയാണ് നാരായണിക്ക് മാമ്പഴം

(പൂവമ്പഴം) നൽകിയതിലൂടെ അയാൾ നടപ്പിലാക്കിയത്. അതോടെ അയാളുടെ ലോകവും അവസാനിക്കുന്നു.

> ആസക്തിയുടെ അനന്തരഫലമായിരുന്നു മനുഷ്യന്റെ പറുദീസാനഷ്ടം. വിലക്കപ്പെട്ട കനി പുരുഷനു കൈമാറിയതോടെ സ്ത്രീ തുടങ്ങിവച്ച കാലാന്തരയാത്രയുടെ പരിസമാപ്തിയാണ് നാരായണിക്ക് മാമ്പഴം (പൂവമ്പഴം) നൽകിയതിലൂടെ അയാൾ നടപ്പിലാക്കിയത്.

മലയാളത്തിലും സിനിമ നോവലായി രൂപാന്തരപ്പെടുന്നു

മലയാളത്തിലും സിനിമ നോവൽ രൂപത്തിൽ അനുകല്പനം ചെയ്യപ്പെട്ടിരിക്കുന്നു. *മതിലുകൾ: കൊറോണക്കാലത്തെ പ്രണയം* എന്ന പേരിൽ അൻവർ അബ്ദുള്ള എഴുതിയ ലഘുനോവൽ *മാധ്യമം* ആഴ്ചപ്പതിപ്പിന്റെ രണ്ടു ലക്കങ്ങളിലായി (2021 ജൂൺ 21-27, ജൂൺ 28-ജൂലൈ 4) പ്രസിദ്ധീകരിച്ചു. അൻവർ അബ്ദുള്ളതന്നെ രചനയും സംവിധാനവും നിർവ്വഹിച്ച് 2021-ൽ റിലീസ് ചെയ്ത *മതിലുകൾ: ലൗ ഇൻ ദ ടൈം ഓഫ് കൊറോണ* എന്ന ചലച്ചിത്രത്തിന്റെ അനുകല്പനമാണ് പ്രസ്തുത നോവൽ.

ഇതിവൃത്തത്തിൽ കാര്യമായ മാറ്റമില്ലെങ്കിലും ആഖ്യാനത്തിൽ എഴുത്തുകാരന്റെ സ്വാതന്ത്ര്യപ്രഖ്യാപനം പ്രകടമാണ്. മതിലുകൾ തീർത്ത തടവറയ്ക്കുള്ളിൽ അകപ്പെട്ടുപോയ ഒരു മനുഷ്യൻ താൻ ജീവിച്ചിരിക്കുന്ന കാലവുമായി കലഹിക്കുകയും പ്രവാസജീവിതം അവശേഷിപ്പിച്ച മടുപ്പുകളെ തന്നാലാവുംവിധം കുടഞ്ഞെറിയാൻ ശ്രമിക്കുന്നതും നോവലിൽ ദൃശ്യമാണ്.

"ഞാനീ വീട്ടിലെയാ..." ഞാനെന്റെ ഭവനത്തിനുനേരേ തലകൊണ്ടു ദിശകാട്ടിപ്പറഞ്ഞു. അതവളെങ്ങനെ കാണാനാണ്? തുടർന്നു ഞാൻ വിവരിച്ചു:

"നാരായണി കണ്ടിട്ടൊണ്ടാകേല. ഒന്നരവർഷം കഴിഞ്ഞു നാട്ടില് വന്നിട്ട്. വിദേശത്തായിരുന്നു; പ്രവാസം..." അവസാനത്തെ വാക്കു പറയുമ്പോൾ എന്റെ ശബ്ദം ക്ഷീണിച്ചു.

"പ്രസവവോ?!" നാരായണി അത്ഭുതത്തോടെ ചോദിച്ചു.

ഞാൻ പൊട്ടിച്ചിരിച്ചുപോയി. അവൾ അതുകേട്ട് ഒരു മുറുമുറുപ്പ് ചീറ്റുന്നതുകേട്ട് അവളെ അരിശം കൊള്ളിക്കരുതെന്നുകരുതി സഹാനുഭൂതിയോടെ ഞാൻ തിരുത്തി.

"അയ്യോ! പ്രസവവല്ല, പ്രവാസം... അന്യനാട്ടീ ജോലി, താമസം. ലോക്ഡൗൺ തൊടങ്ങണേനു തൊട്ടുമുമ്പ് ലാസ്റ്റ് വിമാനത്തേക്കേറാൻ പറ്റി..."

നാരായണിയത് മൂളിയുറപ്പിച്ചിട്ടന്വേഷിച്ചു: "അവിടാരൊക്കെയുണ്ട്?"

"ആരുമില്ല" ഞാൻ ദുഃഖത്തോടെ പറഞ്ഞു. "...ഞാൻ മാത്രം... ഒറ്റയ്ക്ക്!"

അവസാനത്തെ വാക്കെത്തിയപ്പോൾ ദൂരെ, തീവണ്ടിച്ചൂളവും മങ്ങിയ തീവണ്ടിശബ്ദവും ഉദിച്ചുമെല്ലെ അസ്തമിച്ചു. അതുതീരാൻ കാത്തുനിന്നിട്ട് നാരായണി ദയയോടെ ചോദിച്ചു: "അതെന്തുപറ്റി?"

"അറിയത്തില്ലിയോ... വിദേശത്തൂന്നു വരുന്നോരൊക്കെ, വിട്ടുതടങ്കലിലിരിക്കണം, 28 ദിവസം. പൊറത്തിറങ്ങിയാ അകത്താകും..."

"ഞാനുമതേ..." നാരായണിയും ദുഃഖത്തോടെ പറഞ്ഞു.

ആദിയിൽ ലഭിച്ച കനി പുരുഷൻ തിരികെ സ്ത്രീക്കു നൽകുന്നതോടെ അവന്റെയും ലോകം അവസാനിക്കുന്നുവെന്ന സൂചന നൽകിക്കൊണ്ടാണ് 'മതിലുകൾ' അവസാനിക്കുന്നത്.

ലോകം മുഴുവൻ വളഞ്ഞുപിടിച്ച *മതിലുകൾ* ഒരു ചുറ്റ് പൂർത്തിയാക്കുകയാണ്. 1964-ൽ വൈക്കം മുഹമ്മദ് ബഷീർ തുടങ്ങിവച്ച നോവൽരൂപത്തിലുള്ള മതിലുകൾക്ക് 1989-ൽ അടൂർ ഗോപാലകൃഷ്ണൻ അതേപേരിൽ ചലച്ചിത്രഭാഷ്യം നൽകുന്നു. പിന്നീട്, 2021-ൽ അൻവർ അബ്ദുള്ള തിരക്കഥയെഴുതി സംവിധാനം ചെയ്ത, സമാനവിഷയം കൈകാര്യംചെയ്യുന്ന മതിലുകൾക്ക് അതേപേരിൽ 2021-ൽ അൻവർ അബ്ദുള്ള തന്നെ നോവൽരൂപം നൽകിയതോടെയാണിത്.

## ഗ്രന്ഥസൂചി


1. ഗോപാലകൃഷ്ണൻ, അടൂർ. *മതിലുകൾ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2018.
2. വൈക്കം മുഹമ്മദ് ബഷീർ. *മതിലുകൾ.* കോട്ടയം: ഡി.സി. ബുക്സ്, 1965.
3. അൻവർ അബ്ദുള്ള. *മതിലുകൾ: കൊറോണക്കാലത്തെ പ്രണയം.* മാധ്യമം ആഴ്ചപ്പതിപ്പ്, ലക്കം: ജൂൺ 21-27, 2021.
4. അൻവർ അബ്ദുള്ള. *മതിലുകൾ: കൊറോണക്കാലത്തെ പ്രണയം.* മാധ്യമം ആഴ്ചപ്പതിപ്പ്, ലക്കം: ജൂൺ 21-27, 2021.
5. Hutcheon, Linda & Siobhan O'Flynn. *A Theory of Adaptation*, 2nd ed. London: Routledge, 2013.
6. Murray, Simone. *The Adaptation Industry: The Cultural Economy of Contemporary Adaptation.* New York: Routledge, 2012.